സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 60 ലക്കം: 246 2026 ജനുവരി 09 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

നെടുങ്കണ്ടത്ത് ടോറസ് ലോറി വീടിന് മുകളിലേക്ക് മറിഞ്ഞ് അപകടം

ഇടുക്കി: നെടുങ്കണ്ടത്ത് ടോറസ് ലോറി വീടിന് മുകളിലേക്ക് മറിഞ്ഞ് അപകടം. താന്നിമൂട് സ്വദേശി അബ്ദു റസാഖിന്റെ വീടിന് മുകളിലേക്കാണ് ലോറി മറിഞ്ഞത്. തലനാരിഴയ്ക്കാണ് വീട്ടിലുണ്ടായിരുന്നവർ രക്ഷപ്പെട്ടത്. നിസ്സാര പരിക്കേറ്റ ലോറി ഡ്രൈവറെ സമീപത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്ന്രാവിലെ 10.30 ഓടെയാണ് അപകടം ഉണ്ടായത്. റോഡ് പണിക്കായി മെറ്റൽ ലോഡ് കയറ്റി വന്ന ലോറിയാണ് വീടിന് മുകളിലേക്ക് മറിഞ്ഞത്. കുത്തുകയറ്റത്ത് നിയന്ത്രണം നഷ്ടപ്പെട്ട ലോറി പുറകിലേക്ക് നീങ്ങി വീടിന് മുകളിലേക്ക് മറിയുകയായിരുന്നു. വീടിന്റെ ഒരു ഭാഗം പൂർണ്ണമായി തകരുകയും വസ്തുവകകൾ നശിക്കുകയും ചെയ്തിട്ടുണ്ട്.

ലോകം നിയന്ത്രിക്കാൻ എന്റെ ധാർമികത മാത്രം മതി : ട്രംപ്

വാഷിങ്ടൺ: സൈനിക ശക്തി ഉപയോഗിക്കുന്നതിനും അധിനിവേശങ്ങൾ നടത്തുന്നതിനും തനിക്കുമേൽ അന്താരാഷ്ട്ര നിയമങ്ങളുടെ നിയന്ത്രണങ്ങളില്ലെന്ന് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് 'ന്യൂയോർക്ക് ടൈംസി'ന് നൽകിയ അഭിമുഖത്തിലാണ് തന്റെ അധികാരം സ്വന്തം 'ധാർമികതയിൽ' അധിഷ്ഠിതമാണെന്ന് ട്രംപ് പ്രഖ്യാപിച്ചത്.

വെനിസ്വേലൻ പ്രസിഡന്റ് നിക്കോളാസ് മദുറോയെ തട്ടിക്കൊണ്ടു പോയതിനു പിന്നാലെ ലോകത്ത് നടക്കുന്ന പ്രതിഷേധത്തെ നിയന്ത്രിക്കാൻ തന്റെ ധാർമികതക്ക് മാത്രമേ സാധിക്കുകയുള്ളൂ എന്ന് പറഞ്ഞാണ് ട്രംപ് അന്താരാഷ്ട്ര നിയമങ്ങളെ തള്ളിക്കളഞ്ഞത്. ലോകരാഷ്ട്രങ്ങളെ സൈനികമായി നേരിടുന്നതിനും സമ്മർദത്തിലാക്കുന്നതിനും തടസ്സമായി നിൽക്കുന്ന അന്താരാഷ്ട്ര നിയമങ്ങളെയും മറ്റ് പരിശോധനകളെയും ഇത്തരത്തിൽ ട്രംപ് തള്ളിക്കളഞ്ഞു.

ആഗോളതലത്തിൽ തന്റെ അധികാരത്തിന് പരിധികളുണ്ടോ എന്ന ചോദ്യത്തിന് തന്റെ ധാർമികതയും മനസ്സുമാണ് തന്നെ തടയാൻ പ്രേരിപ്പിക്കുന്ന ഏക ഘടകമെന്നായിരുന്നു മറുപടി. 'എനിക്ക് അന്താരാഷ്ട്ര നിയമങ്ങളുടെ ആവശ്യമില്ല. ആരെയും ഉപദ്രവിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ലെന്നും' ട്രംപ് കൂട്ടിച്ചേർത്തു.

അന്താരാഷ്ട്ര നിയമങ്ങൾ പാലിക്കാൻ തന്റെ ഭരണകൂടം ബാധ്യസ്ഥമാണോ എന്ന ചോദ്യത്തിന് 'അതെ' എന്ന് മറുപടി നൽകിയെങ്കിലും ആ നിയമങ്ങൾ എപ്പോൾ, എങ്ങനെ നടപ്പിലാക്കണം എന്ന കാര്യത്തിൽ അന്തിമ തീരുമാനം തന്റേതായിരിക്കുമെന്ന് വ്യക്തമാക്കി. അത് അന്താരാഷ്ട്ര നിയമം എന്നതുകൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത് എന്നതിനെ ആശ്രയിച്ചിരിക്കുമെന്നും ട്രംപ് പറഞ്ഞു.

നിയമങ്ങൾക്കും ഉടമ്പടികൾക്കും പകരം രാഷ്ട്രത്തിന്റെ കരുത്താണ് ലോകശക്തികളുടെ മത്സരത്തിൽ നിർണ്ണായകമാകേണ്ടത് എന്ന നിലപാടാണ് ട്രംപിന്റേത്. അമേരിക്കയുടെ ആധിപത്യം ഉറപ്പിക്കാൻ സൈനികമോ സാമ്പത്തികമോ രാഷ്ട്രീയമോ ആയ ഏത് ആയുധവും പ്രയോഗിക്കാനുള്ള തന്റെ സ്വാതന്ത്ര്യത്തെയും പ്രസ്താവന അടിവരയിട്ടു.

അതേസമയം, ആഭ്യന്തര തലത്തിൽ തനിക്ക് ചില നിയന്ത്രണങ്ങളുണ്ടെന്ന് ട്രംപ് സമ്മതിച്ചു. എങ്കിലും രാഷ്ട്രീയ എതിരാളികൾക്കെതിരെ പ്രതികാരം തീർക്കുന്നതിനും സംസ്ഥാന സർക്കാറുകളുടെ എതിർപ്പ് അവഗണിച്ചുകൊണ്ട് നഗരങ്ങളിൽ നാഷനൽ ഗാർഡിനെ വിന്യസിക്കുന്നതിനുമുള്ള തന്റെ തന്ത്രങ്ങളുമായി അദ്ദേഹം മുന്നോട്ട് പോവുകയാണ്.

'മോദി ട്രംപിനെ 'സർ' എന്ന് വിളിച്ചിട്ടില്ല, വിളിച്ചിട്ടേയില്ല', വ്യക്തമാക്കി അമേരിക്കൻ വ്യാപാര സെക്രട്ടറി

വാഷിംഗ്ടൺ: 5 വർഷമായി മുടങ്ങിക്കിടന്ന ഹെലികോപ്റ്റർ കൈമാറ്റവുമായി ബന്ധപ്പെട്ട് സംസാരിക്കുന്നതിന് മോദി തന്നെ 'സർ' എന്ന് വിളിച്ചു എന്ന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വ്യക്തമാക്കിയത് കഴിഞ്ഞ ദിവസമാണ്. എന്നാൽ അമേരിക്കൻ പ്രസിഡന്റിന്റെ വാദങ്ങളെല്ലാം തെറ്റെന്ന് തെളിയിക്കുന്ന വിവരങ്ങളാണ് ഇപ്പോൾ പുറത്തുവരുന്നത്. ഇന്ത്യയും അമേരിക്കയും തമ്മിലൊരു വ്യാപാര കരാർ ഉണ്ടാകുന്നത് പരാജയപ്പെട്ടു എന്നാണ് ട്രംപിന്റെ വിശ്വസ്തനും യുഎസ് കൊമേഴ്സ്യൽ സെക്രട്ടറിയുമായ ഹോവാർഡ് ലുട്നിക് വ്യക്തമാക്കുന്നത്.

താൻ ഒരു കരാർ ഉണ്ടാക്കിയെങ്കിലും അതിന് അന്തിമരൂപമായില്ല എന്നാണ് ലുട്നിക് പറയുന്നത്. ഇതിന് കാരണം ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി, ഡൊണാൾഡ് ട്രംപിനെ വിളിക്കാത്തതുകൊണ്ടാണെന്ന് ലുട്നിക് വ്യക്തമാക്കുന്നു.' കരാറെല്ലാം ഞാൻ തയ്യാറാക്കിയിരുന്നു. മോദി പ്രസിഡന്റ് ട്രംപിനെ വിളിക്കണമെന്ന് ഞാൻ പറഞ്ഞു. അവർക്ക് അത് ബുദ്ധിമുട്ടായതിനാൽ മോദി വിളിച്ചില്ല.' ഒരു പോഡ്കാസ്റ്റ് അഭിമുഖത്തിൽ പങ്കെടുക്കവെ ലുട്നിക് പറഞ്ഞു. ഇന്ത്യയും അമേരിക്കയും കരാർ ഒപ്പിടുന്നതിന്റെ അടുത്തെത്തിയെങ്കിലും കേന്ദ്ര സർക്കാർ പിന്മാറുകയായിരുന്നുവെന്നാണ് അമേരിക്കൻ കൊമേഴ്സ്യൽ സെക്രട്ടറി സൂചിപ്പിക്കുന്നത്.

പൂച്ച കുറുകെ ചാടി; ആറാം ക്ലാസുകാരന് ദാരുണാന്ത്യം

മലപ്പുറം: വാഹനത്തിന് കുറുകെ ചാടിയ പൂച്ചയെ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടയിൽ ഓട്ടോറിക്ഷയിൽ നിന്ന് തെറിച്ചുവീണ് വിദ്യാർത്ഥി മരിച്ചു. കളത്തിൻപടി സ്വദേശി ഷാദിൻ (12) ആണ് മരിച്ചത്. മലപ്പുറം ചെങ്ങര പള്ളിപ്പടിയിൽ ഇന്നലെ രാത്രിയായിരുന്നു അപകടം നടന്നത്. കുട്ടിയെ ഉടൻ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

മറ്റൊരിടത്ത് താമസിച്ച് പഠിക്കുന്ന സഹോദരനെ കണ്ടശേഷം ഷാദിനും മാതാവും ഓട്ടോയിൽ മടങ്ങവേയാണ് അപകടമുണ്ടായത്. പൂച്ച ഓട്ടോറിക്ഷയ്ക്ക് കുറുകെ ചാടുകയായിരുന്നു.

ജനനായകന് പ്രദർശനാനുമതി; സെൻസർ സർട്ടിഫിക്കറ്റ് നൽകാൻ ഹൈക്കോടതി നിർദേശം; സെൻസർ ബോർഡിന് തിരിച്ചടി

ചെന്നൈ: നടൻ വിജയുടെ ഏറ്റവും പുതിയ ചിത്രം ജനനായകന് സെൻസർ സർട്ടിഫിക്കറ്റ് നൽകാൻ മദ്രാസ് ഹൈക്കോടതി ഉത്തരവ്. U/A സർട്ടിഫിക്കറ്റ് നൽകാനാണ് ഉത്തരവ്. വിധി സെൻസർ ബോർഡിന് കനത്ത തിരിച്ചടിയാണ്. ജസ്റ്റിസ് പി.ടി.ആശയാണ് കേസ് പരിഗണിച്ചത്. സർട്ടിഫിക്കറ്റ് വേഗത്തിൽ നൽകണമെന്ന് സെൻസർ ബോർഡിന് നിർദേശം നൽകി. ഇത്തരം കേസുകൾ തെറ്റായ കീഴ് വഴക്കമുണ്ടാക്കുമെന്ന് ജസ്റ്റിസ് പി.ടി. ആശ പറഞ്ഞു. സെൻസർ സർട്ടിഫിക്കറ്റ് വൈകിയതോടെ ഇന്ന് നിശ്ചയിച്ചിരുന്ന ചിത്രത്തിന്റെ റിലീസ് മാറ്റുകയായിരുന്നു. തമിഴക വെട്രി കഴകം അധ്യക്ഷൻ വിജയ്യുടെ വിടവാങ്ങൾ ചിത്രം കൂടിയാണ് ജനനായകൻ.

മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തനത്തിനായി ബിഗ് സ്ക്രീനിനോട് വിട പറയാൻ ഒരുങ്ങുകയാണ് ദളപതി. അത്കൊണ്ട് തന്നെ ജന നായകന്റെ വരവ് ആഘോഷമാക്കാൻ ആരാധകർ വൻതയ്യാറെടുപ്പുകളാണ്. വിജയുടെ വിടവാങ്ങൽ ചിത്രം ആയിരിക്കുമെന്ന് ഇരിക്കെ കളക്ഷനിലും റെക്കോർഡ് ആണ് പ്രതീക്ഷിക്കുന്നത്.

പോസ്റ്റ് പ്രൊഡക്ഷൻ ഉൾപ്പെടെ പൂർത്തിയാക്കി ചിത്രം ഒരു മാസം മുൻപ് സർട്ടിഫിക്കറ്റിന് ആയി സമർപ്പിച്ചിരുന്നു. ഡിസംബർ 19ന് സിബിഎഫ്സി അംഗങ്ങൾ ചിത്രം കാണുകയും ചില കട്ടുകൾ ഉൾപ്പെടെ നിർദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ മാറ്റങ്ങൾ വരുത്തി സമർപ്പിച്ചിട്ടും സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. സർട്ടിഫിക്കറ്റ് വൈകുന്നതിന് ഉള്ള കാരണവും വ്യക്തമല്ല. സെൻസർ സർട്ടിഫിക്കറ്റ് നൽകാത്തതിന് എതിരെ ടിവികെ രംഗത്തെത്തിയിരുന്നു.

അതേസമയം, 'ജനനായകന് പിന്നാലെ മറ്റൊരു പൊങ്കൽ റിലീസായ സുധ കൊങ്കരയുടെ ശിവകാർത്തികേയൻ നായകനാകനാവുന്ന 'പരാശക്തി'യുടെ റിലീസിങ്ങും പ്രതിസന്ധിയിലായി. ചിത്രത്തിന് സെൻസർ ബോർഡ് 15 കട്ടുകൾ നിർദേശിച്ചുവെന്നാണ് റിപ്പോർട്ട്. ഹിന്ദി വിരുദ്ധ പ്രക്ഷോഭത്തിന്റെ പശ്ചാത്തലത്തിലുള്ള ചിത്രത്തിൽ അധിക്ഷേപസ്വഭാവമുള്ള രംഗങ്ങളിലും ഡയലോഗുകളിലുമാണ് സെൻസർ ബോർഡ് കട്ട് പറഞ്ഞത്.

രാഹുൽ മാങ്കൂട്ടത്തിലിനെതിരായുള്ള പരാതിയുമായി മുന്നോട്ട് പോകരുതെന്ന് ബിജെപി ആവശ്യപ്പെട്ടു

പാലക്കാട്: രാഹുൽ മാങ്കൂട്ടത്തിലിനെതിരായുള്ള പരാതിയുമായി മുന്നോട്ട് പോകരുതെന്ന് ബിജെപി നേതൃത്വം ആവശ്യപ്പെട്ടുവെന്ന് അതിജീവിതയുടെ ഭർത്താവ്. സംസ്ഥാന പൊലീസ് മേധാവിക്ക് പരാതി നൽകിയതിന് പിന്നാലെയാണ് ഭീഷണി. ബിജെപിയിൽ നിന്ന് തന്നെ പുറത്താക്കിയതിന് പിന്നിൽ ഗൂഢാലോചനയുണ്ട്. തന്റെ വിശദീകരണം പോലും കേൾക്കാതെയാണ് പാർട്ടി നടപടിയെടുത്തത്. പരാതിയുമായി താൻ മുന്നോട്ട് പോകുമെന്ന് അറിയിച്ചതാണ് പ്രകോപനത്തിന് കാരണമെന്നും യുവാവ് ചൂണ്ടിക്കാട്ടി.

ഇന്നലെയാണ് യുവമോർച്ചയുടെ ഭാരവാഹിത്വത്തിൽ നിന്ന് പരാതിക്കാരിയുടെ ഭർത്താവിനെ പുറത്താക്കിയത്. തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉയർന്ന പരാതിയിന്മേൽ നടത്തിയ അന്വേഷണത്തിന്റെ ഭാഗമായാണ് നടപടിയെന്നാണ് യുവമോർച്ച പാലക്കാട് വെസ്റ്റ് പ്രസിഡന്റ് വേണുഗോപാൽ വ്യക്തമാക്കിയത്. നടപടിയിൽ മറ്റ് കാരണങ്ങളില്ലെന്നും വിശദീകരിച്ചിരുന്നു.രണ്ട് മാസം മാത്രം നീണ്ട തന്റെ കുടുംബജീവിതം തകരാൻ കാരണം രാഹുലാണെന്നും വലിയ നാശനഷ്ടം സംഭവിച്ചുവെന്നുമാണ് അതിജീവിതയുടെ ഭർത്താവിന്റെ പരാതിയിൽ പറയുന്നത്.

മത്സരത്തിനില്ല; പക്ഷേ, പാർട്ടി പറഞ്ഞാൽ തവനൂരിൽ വീണ്ടും ഇറങ്ങാൻ ജലീൽ,' അൻവറിന് സ്വാഗതം

മലപ്പുറം: തവനൂരിൽ ഇടത് സ്വതന്ത്രനായി കെ.ടി.ജലീൽ ഇത്തവണയും മത്സരിച്ചേക്കും. തിരഞ്ഞെടുപ്പ് മത്സര രംഗത്ത് നിന്ന് പിൻമാറുകയാണെന്ന മുൻ നിലപാടിൽ ഉറച്ച് നിൽക്കുകയാണെങ്കിലും പാർട്ടി ആവശ്യപ്പെട്ടാൽ പുനരാലോചന നടത്തുമെന്നാണ് ജലീലിന്റെ പ്രതികരണം. തുടർച്ചയായി നാലു തവണ എംഎൽഎ ആയിട്ടുള്ള കെ.ടി.ജലീൽ തവനൂർ മണ്ഡലം രൂപീകൃതമായ 2011 മുതൽ മണ്ഡലത്തെ പ്രതിനിധീകരിക്കുന്നുണ്ട്. മണ്ഡലം നിലനിർത്താൻ കെ.ടി.ജലീലിനോളംപോന്ന മറ്റൊരു സ്ഥാനാർഥി ഇല്ലെന്ന കണക്ക്കൂട്ടലിലാണ് സിപിഎമ്മുള്ളതെന്നാണ് വിവരം. നിർണായക പോരാട്ടത്തിൽ ജയസാധ്യതകൾക്ക് സിപിഎം മുൻഗണന നൽകുമ്പോൾ തവനൂരിൽ ഇടത് സ്ഥാനാർഥിയായി കെ.ടി.ജലീൽ തന്നെ എത്തുമെന്നാണ് സൂചനകൾ. ഇതിനിടെ യുഡിഎഫ് സ്ഥാനാർഥിയായി പി.വി.അൻവർ തവനൂരിൽ എത്തിയേക്കുമെന്ന അഭ്യൂഹവും മണ്ഡലത്തിൽ ഉയരുന്നുണ്ട്. മന്ത്രി റിയാസിനെതിരെ ബേപ്പൂരിൽ മത്സരിക്കുമെന്നായിരുന്നു അൻവർ ആദ്യം പ്രഖ്യാപിച്ചതെങ്കിലും ജയസാധ്യത ഇല്ലാത്തതും യുഡിഎഫിൽനിന്ന് തന്നെയുള്ള എതിർപ്പും പരിഗണിച്ചാണ് അൻവർ തവനൂരിലേക്ക് തിരിഞ്ഞിരിക്കുന്നത്. 'പി.വി.അൻവർ വരികയാണെങ്കിൽ സ്വാഗതം ചെയ്യുന്നു' എന്ന് സ്ഥാനാർഥിത്വം സംബന്ധിച്ചുള്ള ചോദ്യത്തിന് കെ.ടി.ജലീൽ പ്രതികരിച്ചു. നിലവിൽ കോൺഗ്രസ് മത്സരിക്കുന്ന സീറ്റാണ് തവനൂർ. കഴിഞ്ഞ തവണ ജീവകാരുണ്യ പ്രവർത്തകനായി അറിയപ്പെടുന്ന ഫിറോസ് കുന്നംപറമ്പിലിനെയാണ് കോൺഗ്രസ് ജലീലിനെതിരെ നിർത്തിയിരുന്നത്. നേരിയ ഭൂരിപക്ഷത്തിനാണെങ്കിലും (2185) ജലീൽ ജയിച്ചുകയറി. 2016-ൽ ജലീൽ 17064 വോട്ടുകളുടെ ഭൂരിപക്ഷം നേടിയിരുന്നു. ലോക്സഭാ, തദ്ദേശ തിരഞ്ഞെടുപ്പുകളിലെ ഫലങ്ങൾ അനുസരിച്ച് തവനൂരിൽ യുഡിഎഫിന് ആധിപത്യമുണ്ട്. എന്നാൽ കെ.ടി.ജലീലിനുള്ള സ്വാധീനം ഇത്തവണയും മണ്ഡലം കൂടെപ്പോരുമെന്ന ആത്മവിശ്വാസത്തിലാണ് എൽഡിഎഫ്.

കിടക്കയിൽ മൂത്രമൊഴിച്ചതിന് 5 വയസുകാരിയെ ചട്ടുകം ചൂടാക്കി പൊള്ളിച്ചു; രണ്ടാനമ്മ അറസ്റ്റിൽ

പാലക്കാട്: കിടക്കയിൽ മൂത്രമൊഴിച്ചതിന് കുട്ടിയോട് രണ്ടാനമ്മയുടെ ക്രൂരത. അഞ്ച് വയസുകാരിയുടെ സ്വകാര്യഭാഗത്ത് പൊള്ളലേൽപ്പിച്ചു. പാലക്കാട് കഞ്ചിക്കോട് രണ്ടാനമ്മ അറസ്റ്റിൽ. ജനുവരി 2ന് നടന്ന ഈ ക്രൂരകൃത്യം പുറംലോകമറിയുന്നത് കഴിഞ്ഞ ദിവസം കുട്ടി അങ്കണവാടിയിൽ എത്തിയപ്പോഴാണ്.

ഇരിക്കാൻ ബുദ്ധിമുട്ടുന്ന കുട്ടിയിൽ അസ്വാഭാവികത തോന്നിയ അധ്യാപിക നടത്തിയ പരിശോധനയിൽ ഗുരുതരമായ പൊള്ളലേറ്റ മുറിവുകൾ കണ്ടെത്തുകയായിരുന്നു. ഉടൻ തന്നെ അധ്യാപിക പോലീസിൽ വിവരം അറിയിക്കുകയായിരുന്നു. ബിഹാർ സ്വദേശിനിയായ നൂർ നാസറാണ് അറസ്റ്റിലായത്. ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമാണ് ഇവർക്കെതിരെ കേസ് എടുത്തത്. പ്രതിയെ കോടതി റിമാൻഡ് ചെയ്തു.

വാഹനാപകടത്തിൽ 4 ശബരിമല തീർഥാടകർക്ക് ദാരുണാന്ത്യം

ബംഗളൂരു: ശബരിമല ദർശനം കഴിഞ്ഞ് മടങ്ങുകയായിരുന്ന ആറുവയസ്സുകാരി ഉൾപ്പെടെ നാല് തീർഥാടകർ വാഹനാപകടത്തിൽ മരിച്ചു. കർണാടകയിലെ തുംകുരു ജില്ലയിലെ വസന്തനരസപുര ഇൻഡസ്ട്രിയൽ ഏരിയക്ക് സമീപം കോറ മേഖലയിലാണ് അപകടം. കൊപ്പൽ ജില്ലയിലെ കുകനൂരു സ്വദേശികളായ സാക്ഷി (6), വെങ്കിടേശപ്പ(30), മരത്തപ്പ (35), ഗവിസിദ്ദപ്പ (40) എന്നിവരാണ് മരിച്ചത്. ഏഴ് തീർഥാടകർക്ക് പരിക്കേൽക്കുകയും ചെയ്തു.

ശബരിമല തീർഥാടകരുമായി പോയ ക്രൂയിസർ വാഹനം നിർത്തിയിട്ടിരുന്ന ലോറിയിൽ ഇടിച്ചാണ് ദുരന്തമുണ്ടായതെന്ന് പൊലീസ് പറഞ്ഞു. പരിക്കേറ്റവരെ ആശുപത്രിയിലേക്ക് മാറ്റി. ഇവരിൽ രണ്ടുപേരുടെ നില ഗുരുതരമാണ്. ക്രൂയിസറിൽ 11 തീർഥാടകർ യാത്ര ചെയ്തിരുന്നതായി പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തി.

ജനുവരി അഞ്ചിനാണ് ഇവർ ശബരിമലയിലേക്ക് യാത്ര തിരിച്ചത്. രണ്ട് ഗ്രാമങ്ങളിൽ നിന്നുള്ള ഭക്തരാണ് തീർഥാടനം നടത്തിയത്. ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന സാക്ഷി രണ്ടാം തവണയാണ് ശബരിമല സന്ദർശിക്കുന്നത്. ഇന്ന് പുലർച്ചെ 4.40 ഓടെയാണ് അപകടം നടന്നത്. കോറ പൊലീസ് കേസെടുത്തു.

പി.വി. അൻവറിനെ വീണ്ടും ചോദ്യം ചെയ്യാനൊരുങ്ങി ഇഡി

കൊച്ചി: കെഎഫ്സി വായ്പാ തട്ടിപ്പിൽ പി.വി. അൻവറിനെ വീണ്ടും ചോദ്യംചെയ്യും. വ്യാഴാഴ്ച രേഖപ്പെടുത്തിയ മൊഴി വിശദമായി പരിശോധിച്ച ശേഷമാകും വീണ്ടും വിളിപ്പിക്കുക. സ്വത്ത് വിവരങ്ങളിലടക്കം കൂടുതൽ വ്യക്തത വരുത്താനാണ് ഇഡിയുടെ ഈ നീക്കം. പ്രത്യേക കാലയളവിൽ പി.വി. അൻവറിന്റെ സ്വത്തുക്കളിൽ വലിയ തോതിലുള്ള വർധനവുണ്ടായതായാണ് ഇഡിയുടെ കണ്ടെത്തൽ.

ഏതുവഴിക്കാണ് ഇത്രയും സ്വത്തുക്കൾ സമ്പാദിക്കാൻ സാധിച്ചത് എന്നതുസംബന്ധിച്ച് അൻവറിന് വ്യക്തമായ മറുപടി നൽകാൻ കഴിഞ്ഞിട്ടില്ല എന്നാണ് ഇഡി വൃത്തങ്ങൾ നൽകുന്ന വിവരങ്ങൾ. ഇന്നലെ മണിക്കൂറുകൾ നീണ്ടുനിന്ന് ചോദ്യംചെയ്യലിലൂടെയാണ് അൻവറിന്റെ വിശദമായ മൊഴി രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് വിശദമായി പരിശോധിച്ച ശേഷമായിരിക്കും വീണ്ടും ചോദ്യംചെയ്യലിനായി വിളിപ്പിക്കുക.

ലോൺ നേടിയതിനുവേണ്ടി ചെയ്ത ക്രമവിരുദ്ധമായ കാര്യങ്ങൾ, ബിനാമി ഇടപാടുകൾ, പല അക്കൗണ്ടുകൾ കേന്ദ്രീകരിച്ചുള്ള വിവരങ്ങൾ എന്നിവയുൾപ്പെടെയുള്ള കാര്യങ്ങളിൽ ഇഡി വിവരങ്ങൾ ശേഖരിച്ചിരുന്നു. ഇതിൽ പല കാര്യങ്ങളും അൻവർ സമ്മതിച്ചിട്ടുള്ളതാണ് എന്ന് ഇഡി വൃത്തങ്ങൾ പറയുന്നു. ഇക്കാര്യങ്ങളിലെല്ലാം ഇനിയും ചോദ്യം ചെയ്യൽ ഉണ്ടാകും എന്നാണ് വിവരം.

നേരത്തേ രണ്ടുതവണ ചോദ്യംചെയ്യലിന് നോട്ടീസ് അയച്ചിരുന്നെങ്കിലും അൻവർ ഹാജരായിരുന്നില്ല. ഇന്നലെയാണ് അൻവർ ഇഡിക്ക് മുമ്പിൽ ഹാജരായത്. കേസിൽ ഇനിയും പല കാര്യങ്ങളിലും വ്യക്തത വരുത്തേണ്ടതുണ്ട് എന്നതിനാൽ അധികം വൈകാതെ വീണ്ടും ചോദ്യംചെയ്യുന്നതിനായി അൻവറിന് നോട്ടീസ് നൽകും എന്ന് ഇഡി അറിയിച്ചു.

സ്വർണം ഗ്രാമിന് 65 രൂപ കൂടി

കൊച്ചി: സംസ്ഥാനത്ത് ഇന്ന് സ്വർണവില കൂടി. ഗ്രാമിന് 65 രൂപ കൂടി 12,715 രൂപയും പവന് 520 രൂപ കൂടി 1,01,720 രൂപയുമായി. 18 കാരറ്റിന് 50 രൂപ കൂടി 10555 രൂപയായി.

ആദരാഞ്ജലികൾ

Adv. A.P. George
Patron & Former Chairman
All Kerala Chitty Foremens Association, Thrissur

Deeply Mourned by:
All Kerala Chitty Foremens Association

കോടതി പരസ്യം

തൃശൂർ റെന്റ് കൺട്രോൾ അപ്പലേറ്റ് അഥോറിറ്റി (പ്രിൻസിപ്പൽ) ജില്ലാ കോടതി മുമ്പാകെ

RCA. 201/2019, IA: 4155/2019

1) കെ കെ സത്യനാഥൻ, S/o. കൈതക്കൽ കൃഷ്ണൻ, ഭാരത് ഹോട്ടൽ, ഗുരുവായൂർ റോഡ്, കുന്നംകുളം
2) കെ കെ വാസുദേവൻ, S/o.കൈതക്കൽ കൃഷ്ണൻ, ഭാരത് ഹോട്ടൽ, ഗുരുവായൂർ റോഡ്, കുന്നംകുളം
–ഹരജിക്കാർ/അപ്പീലന്യായം

ജോയ്സികുട്ടി, W/o. പനയ്ക്കൽ മാത്യൂസ്, കുന്നംകുളം വില്ലേജ്, ടി ദേശം
–2–ാം എതൃകക്ഷി

മേൽനമ്പറിലെ 2–ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും ടിയാരിയുടെ വാസസ്ഥലത്തും പതിച്ച് നടത്തുവാൻ കൽപ്പിച്ച് കേസ്സ് 13–01–2026 തിയ്യതിയ്ക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം രാവിലെ 11.00 മണിയ്ക്ക് നിങ്ങളോ, അധികാരപ്പെടുത്തിയ അഡ്വക്കേറ്റോ ബഹു. കോടതി മുമ്പാകെ ഹാജരാകാത്ത പക്ഷം നിങ്ങളെ കൂടാതെ കേസ്സ് തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ കൊള്ളുന്നു.

എന്ന് 7–1–2026
അപ്പീലന്യായ ഭാഗം അഡ്വക്കേറ്റ്
റോഷൻ ബാബു (ഒപ്പ്)

10–ാം ചരമ വാർഷികം
(09–01–2026)

C.K. ധർമ്മരത്നം
(Retd. Dy. Collector)
ചെത്തിക്കാട്ടിൽ ഹൗസ്, പുതൂർക്കര, അയ്യന്തോൾ

സന്തപ്ത കുടുംബാംഗങ്ങൾ:
ഭാര്യ: തങ്കം ധർമ്മരത്നം

മക്കൾ: Adv. പ്രദീപ് സി.ഡി., Adv. ദിലീപ് സി.ഡി., ജ്യോതി സി.ഡി., Adv. പ്രമോദ് ധർമ്മ സി.ഡി., പ്രിയ ഡി. രത്നം
മരുമക്കൾ: രേഖ പ്രദീപ്, രേഖ ദിലീപ്, മഹിത ജ്യോതി, Adv. ദിവ്യ പ്രമോദ്, Adv. ജയദേവൻ ബി.
പേരക്കുട്ടികൾ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

കാന്തപുരം കേരള യാത്ര നാളെ തൃശൂരിൽ

തൃശൂർ: കേരള മുസ്ലീം ജമാഅത്ത് പ്രസിഡണ്ട് കാന്തപുരം എ.പി.അബൂബക്കർ മുസ്ലിയാർ നയിക്കുന്ന കേരള യാത്ര നാളെ തൃശൂർ ജില്ലയിലെത്തും. മനുഷ്യർക്കൊപ്പം-എന്ന സന്ദേശവുമായി ഒന്നാം തിയതി കാസർഗോഡ് നിന്നാരംഭിച്ച യാത്ര 16 ന് മഹാസംഗമത്തോടെ തിരുവനന്തപുരത്ത് സമാപിക്കും. സയ്യിദ് ഇബ്രാഹിം ഖലീൽ ബുഖാരി, പേരോട് അബ്ദുറഹ്മാൻ സഖാഫി എന്നിവരാണ് യാത്രയുടെ ഉപനായകർ. നാളെ കാലത്ത് 9 മണിക്ക് ജില്ലാ കവാടമായ ചെറുതുരുത്തിയിൽ വച്ച് കേരള മുസ്ലീം ജമാഅത്ത് ജില്ലാ കമ്മറ്റി ഭാരവാഹികൾ യാത്രയെ സ്വീകരിക്കും. തുടർന്ന് 11 മണിക്ക് തൃശൂർ പേൾ റീജൻസിയിൽ പൗരമുഖ്യരുമായി കാന്തപുരം കൂടി കാഴ്ച നടത്തും. 4 മണിക്ക് ചാവക്കാട് മുൻസിപ്പൽ ഗ്രൗണ്ടിൽ പൊതു സ്വീകരണം. സമ്മേളനം മന്ത്രി കെ. രാജൻ ഉൽഘാടനം ചെയ്യും. ജനപ്രതിനിധികളും മറ്റും പങ്കെടുക്കുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിലറിയിച്ചു. പ്രസിഡണ്ട് സയ്യിദ് ഫസൽ തങ്ങൾ, ജനറൽ സെക്രട്ടറി അഡ്വ: പി.യു. അലി, സി. വി.മുസ്തഫ സഖാഫി, എം.എസ്.മുഹമ്മദ് ഹാജി, എഞ്ചിനീയർ ജമാലുദ്ദീൻ സഖാഫി എന്നിവർ പങ്കെടുത്തു.

ഭിന്നശേഷി വാഹന റൈഡ്

തൃശൂർ: ഭിന്നശേഷിക്കാരായ 10 വ്യക്തികൾ 12000 കിലോമീറ്റർ റൈഡിനൊരുങ്ങുന്നു. അവകാശ സംരക്ഷണം, സാമൂഹ്യാവബോധം വളർത്തൽ തുടങ്ങിയവ ലക്ഷ്യമിട്ടാണ് റൈഡ്. 14ന് കൊടുങ്ങലൂരിൽ നിന്നാണ് യാത്ര. ഇന്ത്യയിൽനിന്ന് നേപ്പാൾ, ഭൂട്ടാൻ വഴിയായിരിക്കും റൈഡ്. മുചക്ര സ്കൂട്ടർ, ബൈക്ക് കാർ എന്നിവയിലായിരിക്കും യാത്ര. സംഘത്തിൽ 2സ്ത്രീകളും 4 സഹായികളും ഉണ്ടായിരിക്കും. റൈഡിന് സഹായകരമായി വിവിധ ഏജൻസികളും സർക്കാർ സംവിധാനങ്ങളും ഉണ്ടാകും. തൃശൂർ ആസ്ഥാനമായ വോയ്സ് ഓഫ് ഡിസേബിൾഡ് ആണ് റൈഡിന്റെ സംഘാടനം. സൂരജ് പി. എ. ആണ് നേതൃത്വം.

സംഘടനയുടെ ജില്ലാ സംഗമം 14-ന് ഇരിങ്ങാലക്കുട ആളൂരിലെ പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ നടക്കുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിലറിയിച്ചു. കേരള ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ അർലേക്കർ മുഖ്യാഥിതിയായിരിക്കും. മറ്റ് മുഖ്യ വ്യക്തികൾ പങ്കെടുക്കും. ആദരണീയം, കലാപരിപാടികൾ നടക്കും. പ്രസിഡന്റ് സുനിഷ് വി.എൻ, സെക്രട്ടറി മുഹമദ് റാഫി , സുരജ് പി.എ., രത്നം ടീച്ചർ പി.എ./റയ്ഹാനത്ത്,അബ്ദുൾ മനാഫ് പങ്കെടുത്തു.

സ്പെഷൽ റൂൾ ഭേദഗതി ചെയ്യണം: കെഎഎച്ച്എസ്ടിഎ

സി.പി.ജോബി കെ.ബി.പുഷ്പ

തൃശ്ശൂർ: അഞ്ച് വർഷം പൂർത്തിയായ ഹയർസെക്കൻററി ജൂനിയർ അദ്ധ്യാപകർക്ക് സീനിയർ പ്രമോഷൻ നൽകാനായി സ്പെഷൽ റൂൾ ഭേദഗതി ചെയ്യണമെന്ന് കേരള എയ്ഡഡ് ഹയർസെക്കൻററി ടീച്ചേഴ്സ് അസോസിയേഷൻ ജില്ലാ പ്രതിനിധി സമ്മേളനം ആവശ്യപ്പെട്ടു.സംസ്ഥാന സെക്രട്ടറി എൻ.പി.ജാക്സൻ ഉദ്ഘാടനം ചെയ്തു.സി.പി.ജോബി അദ്ധ്യക്ഷത വഹിച്ചു.കെ.എസ്.സുധീർ, പി.ഡി.ആൻറോ,ഡോ.ധന്യ ജോൺ എന്നിവർ സംസാരിച്ചു. വിരമിക്കുന്ന പ്രിൻസിപ്പൾ ഫോറം ഭാരവാഹികളായ കെ.എഫ്.ബാബു, കെ.എ.ജോർജ്ജ് എന്നിവർക്ക് യാത്രയയപ്പും നൽകി.പുതിയ ഭാരവാഹികളായി, സി.പി.ജോബി (പ്രസിഡൻറ്) ബിജോയ് ഫ്രാൻസീസ് (വൈസ് പ്രസിഡൻറ്) കെ.ബി.പുഷ്പ (സെക്രട്ടറി)ബാസ്റ്റിൻ ജോർജ്ജ്(ജോ.സെക്രട്ടറി)ഡോ. ജോൺ റാഫേൽ(ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

സാംസ്കാരിക അക്കാദമി നവവത്സരാദരം ഇന്ന് വൈകീട്ട്

തൃശൂർ: തൃശൂർ സാംസ്കാരിക അക്കാദമി ഒരുക്കുന്ന നവവത്സരാദരം - ഇന്ന് വൈകീട്ട് 4.30 ന് തൃശൂർ എം.ജി.റോഡ് നാഷണൽ ബുക്ക് സ്റ്റാളിൽ നടക്കും. തൃശൂരിലെ അഞ്ച് ഫോട്ടോഗ്രാഫർമാരുടെ കൂട്ടായ്മയായ ആവിഷ്ക്കാരിലെ ഫോട്ടോ ഗ്രാഫർമാരെ ആദരിക്കും. നവവത്സരാദര കാവ്യാലാപനം, ദൃശ്യ-മാധ്യമ വിഷയ സംവാദവും ഉണ്ടായിരിക്കും.

രാഷ്ട്രീയ-സാമൂഹ്യനേതാവും വ്യവസായ സംരംഭകനും നഗരപിതാവുമായിരുന്ന അഡ്വ. എ.പി. ജോർജ്ജ്

മികച്ച സംഘാടകൻ, വ്യവസായസംരംഭകൻ, അഭിഭാഷകൻ, രാഷ്ട്രീയനേതാവ്, സമുദായനേതാവ്, നഗരപിതാവ്, വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സ്ഥാപകപ്രവർത്തകൻ, നഗരത്തിലെ സാമൂഹ്യ-സാംസ്കാരിക പ്രവർത്തനങ്ങളുടെ നായകൻ തുടങ്ങി പൊതുമണ്ഡലത്തിൽ 7പതിറ്റാണ്ടോളം നിറഞ്ഞുനിന്ന വിനയവും അർപ്പണമനോഭാവവും സത്യസന്ധതയുമുണ്ടായിരുന്ന അതുല്യ പ്രതിഭയായിരുന്നു മുൻ മുനി ചെയർമാൻ കൂടിയായ അഡ്വ. എ.പി. ജോർജ്ജ്.

ഇരിങ്ങാലക്കുടയിലെ പുരാതനതറവാട്ടിലെ വ്യവസായിയായ അക്കരക്കാരൻ കുഞ്ഞിപൈലോത് - റോസ ദമ്പതികളുടെ മകനായി 1935 ഡിസംബർ 19 നാണ് ജനിച്ചത്. കേരള കത്തോലിക്കാസഭയിൽ ശ്രദ്ധിക്കപ്പെട്ട ഫാ. ജോസ് അക്കരക്കാരൻ (ആ.ഘ.ങ. കേരളസഭ മാസിക), ഫാ. ആന്റണി അക്കരക്കാരൻ എന്നിവർ സഹോദരങ്ങളായിരുന്നു. ഇരിങ്ങാലക്കുട ഗവ. ബോയ്സ് ഹൈസ്കൂൾ, തൃശൂർ സെ.തോമസ് കോളേജ്, എറണാകുളം ലോ കോളേജ് എന്നിവിടങ്ങളിൽ പഠിച്ച് ബി.എ.ബി.എൽ. ഡിഗ്രി കരസ്ഥമാക്കി അഭിഭാഷകനായി.

പഠിക്കുമ്പോൾ തന്നെ സ്കൂൾ സാഹിത്യസമാജം കോളേജ് മലയാളം സമാജം സെക്രട്ടറി, സി. എസ്.യു പ്രസിഡണ്ട്, ലോ കോളേജ് യൂണിയൻ ചെയർമാൻ, ഐ.എസ്.ഒ. സംസ്ഥാന ജന. സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

കത്തോലിക്കകോൺഗ്രസ്സ് അവിഭക്ത തൃശൂർ രൂപത സെക്രട്ടറിയായി 10 വർഷം പ്രവർത്തിച്ചു. 1967-ൽ രൂപീകൃതമായ കത്തോലിക്ക യുവജന സംഘടനയുടെ സ്ഥാപകപ്രസിഡണ്ടായിരുന്നു. 12 വർഷം എ.കെ.സി.സി. സംസ്ഥാന വർക്കിംഗ് കമ്മിറ്റിയംഗമായി. തൃശൂർ, ഇരിങ്ങാലക്കുട രൂപത പാസ്റ്ററൽ കൗൺസിലുകളിൽ അംഗമായിരുന്നു. ഇരിങ്ങാലക്കുട രൂപത സാമൂഹ്യ-സേവന സംഘടനയുടെ പ്രസിഡണ്ടായി 20 വർഷവും സോഷ്യൽ ഫാറം കുറീസ് ചെയർമാനായും ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്.

നാട്ടിലെ സേവനസ്ഥാപനങ്ങളായ സ്നേഹഭവൻ, പ്രതീക്ഷാഭവൻ, ആശാഭവൻ എന്നിവയുടെ ബോർഡംഗമായി പ്രവർത്തിച്ചു. അഭിഭാഷകനായി ജീവിതം ആരംഭിച്ച അദ്ദേഹം 50 വർഷത്തിലധികം പ്രാക്ടീസ് ചെയ്തു. ബാർ അസ്സോസിയേഷൻ പ്രസിഡണ്ടായും അഡീഷണൽ ഗവ. പ്ലീഡറായും പ്രോസിക്യൂട്ടർ ആയും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ബാങ്കുകൾ, വ്യവസായ സ്ഥാപനങ്ങൾ, സാമ്പത്തിക സ്ഥാപനങ്ങൾ, കുറികമ്പനികൾ തുടങ്ങി പ്രമുഖ സ്ഥാപനങ്ങളുടെ ലീഗൽ അഡ്വൈസറായി പ്രവർത്തിച്ചു.

കേരളം ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ വ്യവസായ യൂണിറ്റായ "കേരള സോൾവെന്റ് എക്സ്ട്രാക്ഷൻ ലിമിറ്റഡ്" ഇരിങ്ങാലക്കുടയുടെ സ്ഥാപക ഡയറക്ടർമാരിലൊരാളായ അദ്ദേഹം ഡയറക്ടർ, ലീഗൽ അഡ്വൈസർ, മാനേജിംഗ് ഡയറക്ടർ തുടങ്ങിയ നിലകളിൽ 2020 വരെ പ്രവർത്തിക്കുകയുണ്ടായി. ഇപ്പോൾ മകൻ ഡോണി മുഴുവൻസമയ ഡയറക്ടറാണ്.

കൂടാതെ ധർമ്മപോക്ഷണം കമ്പനി, ഇരിങ്ങാലക്കുട കുറീസ് & ഫൈനാൻസ്, ഇരിങ്ങാലക്കുട ലോൺസ് & എന്റർപ്രൈസസ് എന്നിവയുടെ ചെയർമാനായും മാളകാത്തലിക് യൂണിയൻ ചിട്ടീസിന്റെ ഡയറക്ടറായും നിരവധി വർഷം പ്രവർത്തിച്ചിട്ടുണ്ട്.

ഇരിങ്ങാലക്കുട മുനിസിപ്പൽ കൗൺസിലറായി 17 വർഷം പ്രവർത്തിച്ചതിൽ 7 വർഷ വും ചെയർമാനായാണ് പ്രവർത്തിച്ചത്. മുനിസിപ്പൽ ചെയർമാൻ ചേമ്പർ പ്രവർത്തകാംഗമായി 5 വർഷം പ്രവർത്തിച്ചിട്ടുണ്ട്. 1980ൽ കേരള അസംബ്ലി സ്ഥാനാർത്ഥിയായി മത്സരിച്ചിട്ടുണ്ട്. 1997-ൽ തൃശൂരിൽ സ്ഥാപിതമായ ആൾ കേരള ചിട്ടി ഫോർമെൻസ് അസ്സോസിയേഷൻ സ്ഥാപക വൈ. ചെയർമാനായിരുന്നു. തുടർന്ന് 2006 മുതൽ ഏതാനും വർഷം ചെയർമാനായി പ്രവർത്തിച്ച് സംഘടനയെ കേരളത്തിലെ പ്രമുഖ സംഘടനയായി ഉയർത്തി. അദ്ദേഹത്തിന്റെ കൂടെ മുഴുവൻ കാലഘട്ടവും ജന. സെക്രട്ടറിയായി പ്രവർത്തിക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. സെ. ജോസഫ്സ് കോളേജ് സ്ഥാപാംഗങ്ങളിൽ ഒരാളായ അദ്ദേഹം രക്ഷാകർത്തൃ അഭ്യുദയകാംക്ഷി സംഘടനയുടെ പ്രസിഡണ്ടായി 12 വർഷവും ക്രൈസ്റ്റ് കോളേജിലെ ഇതേ സംഘടനയുടെ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ ഡോൺബോസ്കോ ഹൈസ്കൂൾ, ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ എന്നിവയുടെ പി.ടി.എ. പ്രസിഡണ്ടായും കാത്തലിക് സെന്റർ സെക്രട്ടറിയായും കുറെ വർഷം പ്രവർത്തിക്കയുണ്ടായി. അരുണ ഫൈൻ ആർട്സ് പ്രസിഡണ്ടായ അദ്ദേഹം സാഹിത്യപരിഷത്ത് പ്രവർത്തകസമിതിയംഗമായിരുന്നിട്ടുണ്ട്.

ഭാര്യ: ത്രേസ്യാമ്മ ഞാറയ്ക്കൽ മേനാച്ചേരി, കുടുംബാംഗം. മക്കൾ ഡോണി (ഹോൾടൈം ഡയറക്ടർ, കെ.എസ്.ഇ. ലിമിറ്റഡ്, ഇരിങ്ങാലക്കുട), റീന (അമേരിക്ക), ടീന (ചാലക്കുടി), ആന്റണി (ടിസിഎസ്. ചെന്നൈ), മരുമക്കൾ: മീര, ജോർജ്ജ് തേറാട്ടിൽ (അമേരിക്ക), പ്രിൻസ് പാനികുളം (ചാലക്കുടി), സൂജ (ചെന്നൈ).

കഴിഞ്ഞ 5 വർഷമായി പ്രവർത്തനങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞ് വിശ്രമജീവിതം നയിക്കയായിരുന്നു. കഴിഞ്ഞ മാസം നവതിയാഘോഷിച്ച അഡ്വ. എ. പി. ജോർജ്ജ് ജനുവരി 7 ന് നിര്യാതനായി. പരേതന്റെ വിയോഗത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

- ബേബി മൂക്കൻ

കാപ്പ നിയമ പ്രകാരം കുപ്രസിദ്ധ ഗുണ്ട ആട് ശിഹാബിനെ നാടുകടത്തി

ചാവക്കാട്: തൃശൂർ ഡി. ഐ.ജി.യുടെ കാപ്പ 2007 വകുപ്പ് 15 (1) എ പ്രകാരം സഞ്ചലന നിയന്ത്രണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, തൃശൂർ ജില്ല ചാവക്കാട് പൊലീസ് സ്റ്റേഷൻ പരിധിയിലെ മണത്തല വില്ലേജിൽ ബ്ലാങ്ങാട് ബീച്ച് ദേശത്ത് തെരുവത്ത് വീട്ടിൽ മൊയ്തു മകനും ചാവക്കാട്, വാടാനപ്പള്ളി കുന്നംകുളം, സ്റ്റേഷനുകളിൽ വധശ്രമമടക്കം നിരവധി കേസുകളിൽ പ്രതിയുമായ മണത്തല ബീച്ച് സിദ്ദീഖ് പള്ളിക്കു സമീപം ടി.എം. മുഹമ്മദലി ഷിഹാബ് (44) എന്ന ആട് ഷിഹാബിനെ തൃശൂർ ജില്ലാ പൊലീസ് സൂപ്രണ്ട് എൻ.ആർ. ദേശ്മുഖിന്റെ നിർദ്ദേശപ്രകാരം ഗുരുവായൂർ എ.സി.പി. പ്രേമാനന്ദകൃഷ്ണന്റെ നേതൃത്വത്തിൽ ചാവക്കാട് എസ്.എച്ച്. ഒ. വി.വി. വിമൽ ആറു മാസത്തേക്ക് തൃശൂർ ജില്ലയിൽ നിന്ന് നാടുകടത്തി. ചാവക്കാട്, ഗുരുവായൂർ ടെമ്പിൾ, കുന്നംകുളം, വാടാനപ്പിള്ളി തുടങ്ങിയ പോലീസ് സ്റ്റേഷനുകളിൽ നിരവധി കേസുകളിൽ പ്രതിയായ ആട് ശിഹാബിനെതിരിൽ, വധശ്രമം, കുറ്റകരമായ നരഹത്യാശ്രമം, മാരകായുധങ്ങളുപയോഗിച്ച് ദേഹോപദ്രവം ഏൽപ്പിക്കൽ, മുതലുകൾ നശിപ്പിക്കൽ, കുറ്റകരമായി ഭീഷണിപ്പെടുത്തൽ, വിശ്വാസവഞ്ചന, ചതി തുടങ്ങിയ സാമൂഹ്യ വിരുദ്ധ പ്രവൃത്തികളിൽ സ്ഥിരമായേർപ്പെട്ട് പൊതു സമാധാനത്തിനും പൊതുസുരക്ഷയ്ക്കും ഭീഷണിയുയർത്തുന്ന ആളായതിനാലാണ് 'കുപ്രസിദ്ധ ഗുണ്ട/റൗഡി' എന്ന ഗണത്തിൽപ്പെടുത്തി പ്രതിക്കെതിരിൽ നടപടി സ്വീകരിച്ചിട്ടുള്ളത്. ക്രിമിനൽ കേസുകളുൾപ്പെടെ പൊതുസുരക്ഷയ്ക്കു ഭീഷണിയാവുന്ന പ്രതികൾക്കെതിരെയുംസൈബർജീവിതത്തിന് ഭംഗമുണ്ടാക്കുന്നവർക്കെതിരെയും ശക്തമായ നടപടികളുമായി മുന്നോട്ടു പോകുമെന്നും സിറ്റി പൊലീസ് കമ്മീഷണർ അറിയിച്ചു.

കഴിഞ്ഞ വർഷം ഓഗസ്റ്റിൽ ഏങ്ങണ്ടിയൂരിലെ തന്റെ വീട്ടിലേക്ക് നടന്നു പോവുകയായിരുന്ന അറക്കൽ ബഷീറിനെ അക്രമിച്ച കേസിൽ കൂട്ടു പ്രതികളോടൊപ്പം വാടാനപ്പള്ളി പൊലീസ് അറസ്റ്റ് ചെയ്ത ആട് ഷിഹാബ്, മിഡാസ് എക്സ് പോർട്ടേഴ്സ്, തെരുവത്ത് മറൈൻ ഫിഷറീസ്, മിഡാസ് ഡയറി ഫാം തുടങ്ങിയ വ്യാജ കമ്പനികളുടെ പേരിൽ കുപ്രസിദ്ധനാണ്.

പ്രധാന ആകർഷണമായി തോൽ പാവക്കൂത്ത്; ദേശീയസെമിനാർ സമാപിച്ചു

ഇരിങ്ങാലക്കുട: ഭാരതീയ ജ്ഞാന സമ്പ്രദായങ്ങളും സാംസ്കാരിക പൈതൃകവും ആധുനിക പഠനവുമായി ബന്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച ദേശീയ സെമിനാറിന്റെ അവസാന ദിവസം കലാപരമ്പരക്കും ശാസ്ത്രീയ സംവാദങ്ങൾക്കും സാക്ഷ്യം വഹിച്ചു.

അവസാന ദിവസത്തെ പ്രധാന ആകർഷണമായി തോൽപ്പാവകൂത്ത് കലാപ്രകടനം അരങ്ങേറി. പാലക്കാട് കൂനത്തറയിലെ തോൽപ്പാവകൂത്ത് സംഘം അവതരിപ്പിച്ച ഈ കലാപ്രകടനത്തിന് പ്രശസ്ത കലാകാരൻ വിപിൻ വിശ്വനാഥ പുലവർ നേതൃത്വം നൽകി. കേരളത്തിന്റെ അപൂർവമായ അനുഷ്ഠാനകലകളിലൊന്നായ തോൽപ്പാവകൂത്തിന്റെ സാമൂഹികആത്മീയ പ്രാധാന്യം പ്രേക്ഷകർക്ക് നേരിൽ അനുഭവിക്കാൻ ഈ അവതരണം അവസരമൊരുക്കി. നാടൻ കലാരൂപങ്ങളെ പുതുതലമുറയിലേക്ക് കൈമാറേണ്ടതിന്റെ ആവശ്യകതയും ഇതിലൂടെസംവദിക്കപ്പെട്ടു. ഹർഷാരവങ്ങളോടെയാണ് സദസ് തോൽപാവ കൂത്തിനെ സ്വീകരിച്ചത്.

തുടർന്ന് നടന്ന അക്കാദമിക് സെഷനുകളിൽ പ്രൊഫ. അച്യുത് ശങ്കർ. എസ് (മുൻ ഡയറക്ടർ, സി-ഡിറ്റ്, ബയോ ഇൻഫർമാറ്റിക്സ്, കേരള സർവകലാശാല)'നവീന രാഗതാളപദ്ധതിയിലെ പാരമ്പര്യങ്ങൾ' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. ഭാരതീയ സംഗീത പാരമ്പര്യത്തിന്റെ ശാസ്ത്രീയ അടിത്തറയും അതിന്റെ നവീകരണ സാധ്യതകളും അദ്ദേഹം വിശദീകരിച്ചു. തുടർന്ന് റിസർച്ച് ഹാളിൽ

ഐഐടി ഖരഗ്പൂരിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. അനുരാധ ചൗധരി "ഇന്ത്യൻ മനഃശാസ്ത്രം: സാധ്യതകളും വെല്ലുവിളികളും' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. ഭാരതീയ മനശ്ശാസ്ത്ര ചിന്തകൾ ആധുനിക അക്കാദമിക് പഠനങ്ങളുമായി സംവദിക്കേണ്ടതിന്റെ ആവശ്യകത അവർ ചൂണ്ടിക്കാട്ടി.

കോളേജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ബ്ലെസി അധ്യക്ഷത വഹിച്ച സമാപന സമ്മേളനത്തിൽ ഡോ. അനുരാധ ചൗധരി (കോർഡിനേറ്റർ, ഇന്ത്യൻ നോളേജ് സിസ്റ്റംസ് ഡിവിഷൻ, അകഇഠ്ഷ മിനിസ്റ്ററി ഓഫ് എഡ്യൂക്കേഷൻ, GOI) യും കേരള സർക്കാറിന്റെ നാഷണൽ സെന്റർ ഫോർ ടാൻജിബിൾ ആൻഡ് ഇൻടാൻജിബിൾ കൾച്ചറൽ ഹെറിറ്റേജിന്റെ സെക്രട്ടറി പി.വി. ലൗലിനും മുഖ്യാതിഥികളായി പങ്കെടുത്തു. സെമിനാർ കോർഡിനേറ്റർ ഡോ. വി. എസ് സുജിത സെമിനാർ അവലോകനവും സുവോളജി വിഭാഗം അധ്യക്ഷ ഡോ. വിദ്യ. ജി നന്ദി യും രേഖപ്പെടുത്തി. ഇതോടെ, കലയും ശാസ്ത്രവും സംയോജിപ്പിച്ച അറിവിന്റെ സമഗ്രമായ അനുഭവം നൽകിക്കൊണ്ട് ദേശീയ സെമിനാർ വിജയകരമായി സമാപിച്ചു.

ലയൺസ് ക്ലബ് ഓഫ് ഐ.സി.എൽ ന്റെ ഉദ്ഘാടനവും ഇൻസ്റ്റലേഷനും

ഇരിങ്ങാലക്കുട : ലയൺസ് ക്ലബ് ഓഫ് ഐ.സി.എൽ ന്റെ ഉദ്ഘാടനവും ഇൻസ്റ്റലേഷനും 2026 ജനുവരി 9 വെള്ളിയാഴ്ച വൈകിട്ട് 6മണിക്ക് എം.സി.പി കൺവെൻഷൻ സെന്ററിൽ മുൻ ലയൺസ് ക്ലബ് ഇന്റർനാഷണൽ ഡയറക്ടർ ലയൺ വി.പി നന്ദകുമാർ നിർവഹിക്കും. എൽ.എ.സി.ടി.സി ഗുഡ് വിൽ അംബാസിഡറും, ഐ.സി.എൽ ഫിൻകോർപ് സി.എം.ഡിയും മുൻ ലയൺസ് ക്ലബ് ഡിസ്ട്രിക്ട് ഗവർണ്ണറുമായ ലയൺ അഡ്വ. കെ.ജി അനിൽകുമാർ മുഖ്യാതിഥിയായിരിക്കും. ഐ.സി.എൽ ഫിൻകോർപ് സി.ഇ.ഒയും, ലയൺസ് ക്ലബ് ഫസ്റ്റ് വൈസ് ഡിസ്ട്രിക്ട് ഗവർണ്ണറുമായ ലയൺ ഉമ അനിൽകുമാർ ഭദ്രദീപം കൊളുത്തും. ലയൺസ് ക്ലബ് ഓഫ് ഐ.സി.എൽ ഭാരവാഹികളുടെ ഇൻസ്റ്റലേഷൻ സെറിമണി മൾട്ടിപ്പിൾ കൗൺസിൽ ചെയർമാൻ ലയൺ രാജൻ നമ്പൂതിരി നിർവഹിക്കും. അംഗങ്ങളുടെ ഇന്റക്ഷൻ സെറിമണി ഡിസ്ട്രിക്ട് ഗവർണർ ലയൺ ടി.ജയകൃഷ്ണൻ നിർവഹിക്കും. മൾട്ടിപ്പിൾ കൗൺസിൽ സെക്രട്ടറി ലയൺ ജെയിംസ് വളപ്പില ചാർട്ടർ പ്രസന്റേഷൻ നിർവഹിക്കും. സ്പോൺസർ ക്ലബ്ബായ ഇരിങ്ങാലക്കുട വെസ്റ്റ് ലയൺസ് ക്ലബ് പ്രസിഡന്റ് ലയൺ ആന്റോ സി.ജെ അധ്യക്ഷത വഹിക്കും. സർവീസ് പ്രൊജക്ട് ഉദ്ഘാടനം നഗരസഭ ചെയർമാൻ എം.പി ജാക്സൻ നിർവഹിക്കും. വൈസ് ഡിസ്ട്രിക്ട് ഗവർണ്ണർമാരായ ലയൺ സുരേഷ് കെ. വാര്യർ, ലയൺ കെ.എം അഷറഫ്, ജി.ഇ.ടി ഡിസ്ട്രിക്ട് കോഡിനേറ്റർ ലയൺ പിജെ ജോർജ്ജുകുട്ടി, റീജിയൺ ചെയർമാൻ ലയൺ റോയ് ആലുക്ക, സോൺ ചെയർമാൻ ലയൺ ഹാരിഷ് പോൾ, ഗൈഡിംഗ് ലയൺ ഷാജൻ ചക്കാലക്കൽ എന്നിവർ പങ്കെടുക്കും. ലയൺസ് ക്ലബ് ഓഫ് ഐ.സി.എൽ പ്രസിഡന്റ് ലയൺ സാം എസ്.മാളിയേക്കൽ മറുപടി പ്രസംഗം നടത്തും. സെക്രട്ടറി ലയൺ ടി.ജി ബാബു സ്വാഗതവും ട്രഷറർ ലയൺ രാമചന്ദ്രൻ നന്ദിയും പറയും.

കളരി: കുടുംബ സംഗമം

തൃശൂർ: കളരി കുടുംബാംഗങ്ങളുടെ കളരി സ്പന്ദനം - - സഹസ്രദളം —ആധ്യാത്മിക സംഗമം നാളെ തൃശൂരിൽ നടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിലറിയിച്ചു. നീരാഞ്ജലി ഹാളിൽ കാലത്ത് 9 മുതൽ സംഗമം തുടങ്ങും. സ്വാമി കൃഷ്ണാത്മാനന്ദ സരസ്വതി അനുഗ്രഹ ഭാഷണവും ദീപം തെളിയിക്കലും നിർവഹിക്കും അഡ്വ: എ.യു. രഘുരാമപണിക്കർ അദ്ധ്യക്ഷത വഹിക്കും. വന്ദന സദസ്, ആദരണീയം, സംഗീതാർച്ചന, നൃത്തനൃത്യം ഉണ്ടായിരിക്കും. സുനിൽ കെ.സുരേന്ദ്രനാഥ്, ശക്തിധര കുറുപ്പ്, രവീന്ദ്രൻ കളരിക്കൽ വെള്ളറക്കാട് പങ്കെടുത്തു.

നോട്ടീസ്

ചാവക്കാട് താലൂക്ക് എടക്കഴിയൂർ അംശം ദേശത്ത് സർവ്വെ നമ്പർ 129/11 (റീസർവ്വെ 129/11) ൽപെട്ട 4.05 ആർ, സർവ്വെ 129/11 (റീസർവ്വെ 129/11)ൽ പെട്ട 10.52 ആർ വസ്തുവഹകൾ പരിപൂർണ്ണ ക്രയവിക്രയ ത്തോടുകൂടി ചാവക്കാട് താലൂക്ക് എടക്കഴിയൂർ അംശം ദേശത്ത് വലിയകത്ത് വീട്ടിൽ പീടിയേക്കൽ അഹമ്മദ് മകൻ മുഹമ്മദ് സുധീർ എന്നവർക്കും ടിയാന്റെ ഭാര്യ ഷബ്നം മുഹമ്മദ് സുധീർ എന്നവർക്കും അണ്ടത്തോട് സ.റ. ആപ്പീസ് 2546/2014 നമ്പർ ദാനം തീറാധാര പ്രകാരവും, അണ്ടത്തോട് സ.റ.ആപ്പീസ് 420/2015 നമ്പർ ദാനാധാര പ്രകാരവും സിദ്ധിച്ചിട്ടുള്ളതും ടിയാരുടെ പരിപൂർണ്ണ ക്രയവിക്രയാധികാരത്തിൽ നിന്നുവരുന്നതുമാണ്.

മേൽപ്പറഞ്ഞ വഹകളെ സംബന്ധിക്കുന്ന മുന്നാധാരമായ ചാവക്കാട് ലാന്റ് ടൈബ്യൂണലിൽ നിന്നും നൽകിയിട്ടുള്ള ഒ.എ.473/88-ാം നമ്പർ ക്രയ സർട്ടിഫിക്കറ്റിന്റെ അസ്സൽ തിരിച്ചുകിട്ടാത്ത വിധം നഷ്ടപ്പെട്ടു പോയതായി ടി വസ്തുവിന്റെ ഉടമസ്ഥർ വലിയകത്ത് വീട്ടിൽ പീടിയേക്കൽ അഹമ്മദ് മകൻ മുഹമ്മദ് സുധീർ എന്നവരും ടിയാന്റെ ഭാര്യ ഷബ്നം മുഹമ്മദ് സുധീർ എന്നവരും അറിയിച്ചിട്ടുള്ളതാണ്. ആകയാൽ ടി 473/88-ാം നമ്പർ ക്രയ സർട്ടിഫിക്കറ്റിന്റെ അടയാള സഹിത പകർപ്പ് അസ്സലിനു തുല്യമായി കണക്കാക്കി, പ്രസ്തുത വഹകൾ ക്രയ വിക്രയം ചെയ്യുന്നതിൽ ആക്ഷേപമുള്ളവർ ആയത് ഇന്നുമുതൽ 7 ദിവസങ്ങൾക്കുള്ളിൽ താഴെ പറയുന്ന വിലാസത്തിൽ രജിസ്ട്രേഡ് രേഖാമൂലം അറിയിക്കേണ്ടതാണ് എന്നും അല്ലാത്തപക്ഷം വസ്തുവിൽ ബാധ്യതകൾ ഇല്ലായെന്നു കണക്കാക്കി വസ്തു ക്രയ വിക്രയം ചെയ്യുന്നതാണ് എന്നുമുള്ള വിവരം ഇതിനാൽ സകലമാന പേരെയും അറിയിച്ചുകൊള്ളുന്നു.

എന്ന്, 2026 ജനുവരി മാസം 08

അഡ്വ. കെ.എ.ഷറഫുദ്ദീൻ
3rd Floor, Shijina Building,
Near Court Copmlex, **Chavakkad-680506**
Mob: 9447130300

കോടതി പരസ്യം

ബഹു. തൃശൂർ ഫാമിലി കോടതി മുമ്പാകെ

MC: 335/2025

Neena K.D., Aged 30 years, W/o. Lijo Johny, Kaitharath House, Moonumuri Desom, Mattathur P.O., Chalakkudy Taluk, Thrissur-680684

-Petitioner

Lijo Johny, Aged 36 years, S/o. Johny Joseph, Karackad House, Vettoor , Cherunniyoor P.O., Varkala Taluk, Thiruvananthapuram Dt-695142

-Respondent

പത്രപരസ്യം

മേൽ നമ്പറിലെ ഹരജിക്കാരിക്ക് എതൃകക്ഷിയിൽ നിന്നും ചിലവിന് സംഖ്യ ലഭിക്കുന്നതിന് വേണ്ടിയാണ് മേൽ നമ്പർ പ്രധാന ഹരജി ബോധിപ്പിച്ചിട്ടുള്ളത്. ആയതിന്റെ നോട്ടീസ് കോടതിയിലും വാസസ്ഥലത്തും, പതിച്ച് നടത്താൻ മേൽ നമ്പ് കേസ് **20-01-2026** തിയ്യതിക്ക് വെച്ചിട്ടുള്ളതും അന്നേതിയ്യതി ബഹു. കോടതി മുമ്പാകെ താങ്കളോ താങ്കളുട